# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

## പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം
2014 ജൂൺ 9, തിങ്കൾ
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ - 30)

| മറുപടി നൽകുന്ന മന്ത്രിമാർ |
|---|
| മുഖ്യമന്ത്രി |
| മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി |
| ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി |

### മുപ്പത്തിയഞ്ചാം ദേശീയ ഗെയിംസ്

*1 ശ്രീ. ജോസഫ് വാഴക്കൻ
'' പി.സി. വിഷ്ണുനാഥ്
'' വി.റ്റി. ബൽറാം
'' ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുപ്പത്തിയഞ്ചാം ദേശീയ ഗെയിംസ് എന്നാണ് നടത്തുവാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതോടനുബന്ധിച്ചുള്ള കളിസ്ഥലങ്ങളുടെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പ്രസ്തുത ഗെയിംസിനായി നവീകരിക്കുന്നതും പുതുതായി നിർമ്മിക്കുന്നതുമായ സ്റ്റേഡിയങ്ങൾ ഏതെല്ലാമെന്ന് അറിയിക്കുമോ ;

(ഡി) ഇവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ;

(ഇ) പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുവാൻ മിഷൻ 676 ൽ എന്തെല്ലാം കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 09.06.2014–ലെ മറുപടിക്ക്

<u>മിഷൻ 676</u>

*2 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
,, പി. ഉബൈദുള്ള
,, സി. മമ്മൂട്ടി
,, എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മിഷൻ 676 സമയബന്ധിതമായി നടപ്പാക്കാൻ ഒരുക്കിയിട്ടുള്ള സംവിധാനങ്ങളെന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) പ്രധാന പദ്ധതികളുടെ മോണിറ്ററിംഗിന് ഓരോ ഉദ്യോഗസ്ഥനും ചുമതല നൽകുന്നതിനുള്ള തീരുമാനം നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ;

(സി) മിഷൻ 676–ൽ പൂർത്തിയാക്കാനുദ്ദേശിക്കുന്ന പ്രധാന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

കബനീ നദീജലം

*3 ശ്രീ. ഇ.കെ. വിജയൻ
,, വി.എസ്.സുനിൽ കുമാർ
,, ഇ.ചന്ദ്രശേഖരൻ
ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കബനീ നദിയിലെ വെള്ളത്തിനായി ഏതെങ്കിലും സംസ്ഥാനങ്ങൾ സുപ്രീം കോടതിയെ സമീപിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ ഏതെല്ലാം എന്നറിയിക്കുമോ;

(ബി) കബനീ നദിയിലെ ജലം ഇപ്പോൾ ഏതെല്ലാം സംസ്ഥാനങ്ങൾ പ്രയോജനപ്പെടുത്തുന്നുണ്ട്;എത്ര ടി.എം.സി. ജലം ഇപ്രകാരം പ്രയോജനപ്പെടുത്തുന്നുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(സി) കബനീ നദിയിലെ ജലം സംരക്ഷിച്ച് സംസ്ഥാനത്തിന് പ്രയോജനപ്പെടുത്തുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>മാവോയിസ്റ്റ് സാന്നിദ്ധ്യം</u>

*4 ശ്രീ. ജെയിംസ് മാത്യു
,, എം. ഹംസ
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
,, ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മലയോര മേഖലകളിൽ മാവോയിസ്റ്റ് ഭീഷണി നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മാവോയിസ്റ്റ് സാന്നിദ്ധ്യവും ഭീതിയും പടരുമ്പോൾ ഇതിനെതിരെ പോലീസ് സംവിധാനം നിഷ്ക്രിയമായിരിക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അന്വേഷണം നടത്തി കാരണം വെളിപ്പെടുത്തുമോ;

(സി) ഇതിനകം മാവോയിസ്റ്റ് സാന്നിദ്ധ്യവും ഭീഷണിയും ഉണ്ടായ പ്രദേശങ്ങൾ ഏതൊക്കെയാണ്; ഇത്തരം സ്ഥലങ്ങളിൽ ജനങ്ങൾക്ക് സുരക്ഷ ഏർപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടോ;

(ഡി) സർക്കാരിന് ഇതു സംബന്ധിച്ച് ഇന്റലിജൻസ് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെയടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച പരാതികൾ</u>

*5 ശ്രീ. എൻ ഷംസുദ്ദീൻ
,, സി. മോയിൻകുട്ടി
,, കെ.എം. ഷാജി
,, കെ. മുഹമ്മുദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭരണ സിരാകേന്ദ്രങ്ങളിലും, വകുപ്പ് മേധാവികളുടേയും ജില്ലാ ഭരണ ഓഫീസുകളിലേയും തിരുമാനമാകാതെ കെട്ടിക്കിടപ്പുള്ള ഫയലുകളിൽ യുക്തിസഹമായ തീരുമാനം കൈക്കൊള്ളാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ജനസമ്പർക്ക പരിപാടിയുമായി ബന്ധപ്പെട്ട് പൊതുജനങ്ങളിൽ നിന്നും മുഖ്യമന്ത്രിക്ക് നേരിട്ടുലഭിച്ച പരാതികളെ സംബന്ധിച്ച ഫയലുകൾ ഇവയിൽ എത്രത്തോളം ഉൾപ്പെടുന്നുണ്ടെന്നു പരിശോധിച്ചിട്ടുണ്ടോ;

(സി) ദീർഘകാലമായി നീതി ലഭിക്കാത്ത കേസുകളാണ് ജനസമ്പർക്ക പരിപാടിക്കിടെ മുഖ്യമന്ത്രിക്കുമുന്നിൽ അവതരിപ്പിക്കപ്പെട്ടത് എന്നത് പരിഗണിച്ച് അവയിൽ സമയബന്ധിത തീർപ്പുണ്ടാക്കാനും മന:പ്പൂർവ്വം താമസിപ്പിക്കാനുള്ള ശ്രമങ്ങളുണ്ടെങ്കിൽ അതിനെതിരെ കർശന നടപടി സ്വീകരിക്കാനും തയ്യാറാവുമോ?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

<u>സേവനങ്ങൾ സ്വകാര്യവല്ക്കരിക്കുന്നത് വഴി ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ</u>

*6 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, പി. ശ്രീരാമകൃഷ്ണൻ
,, എസ്. ശർമ്മ
,, റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ നൽകിവരുന്ന സേവനങ്ങൾ സ്വകാര്യവല്ക്കരിക്കുന്നത് വഴി ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ സർക്കാർ കണക്കിലെടുക്കുമോ;

(ബി) സർക്കാർ നിർവ്വഹിച്ചുകൊണ്ടിരിക്കുന്ന ഏതെല്ലാം സേവന മേഖലകളാണ് പൊതു-സ്വകാര്യ പങ്കാളിത്തത്തിനായിവിട്ടുകൊടുക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഇതിനായി പ്രത്യേക നയത്തിന് സർക്കാർ രൂപം നൽകിയിട്ടുണ്ടോ; ഇക്കാര്യത്തിൽ സംസ്ഥാന ആസൂത്രണബോർഡ് സർക്കാരിന് സമർപ്പിച്ച നിർദ്ദേശങ്ങൾ വിശദമാക്കാമോ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>ഹൈടെക് ബസ്സുകളുടെ സേവനം</u>

*7 ശ്രീ. എം. വി. ശ്രേയാംസ് കുമാർ
,, പി. സി. ജോർജ്
ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബാംഗ്ലൂരിലേയ്ക്ക് ആരംഭിച്ച വോൾവോ ബസ് സർവ്വീസ് വിജയകരമായിരുന്നോ എന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തുനിന്നും നിലവിൽ എത്ര സർവ്വീസുകൾ ഇപ്രകാരം ക്രമീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ;

(സി) ഹൈടെക് ബസ്സുകളുടെ സേവനം കൂടുതൽ ലഭ്യമാക്കുന്നതിനും ഓൺലൈൻ റിസർവ്വേഷൻ സംവിധാനം അടിയന്തരമായി ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>മത്സ്യസമ്പത്തിന്റെ പരിരക്ഷ</u>

*8 ശ്രീ. കെ. ദാസൻ
,, എസ്. ശർമ്മ
ശ്രീമതി കെ.എസ്. സലീഖ
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യസമ്പത്തിന്റെ പരിരക്ഷയ്ക്ക് ഏതെങ്കിലും ക്രിയാത്മകമായ പദ്ധതികൾ പരിഗണനയിലുണ്ടെങ്കിൽ വിശദമാക്കാമോ;

(ബി) കേരള തീരത്തെ കടൽമത്സ്യ ലഭ്യത വർഷംതോറും കുറഞ്ഞുകൊണ്ടിരിക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മത്സ്യസമ്പത്തിന്റെ ആവശ്യകതയും ലഭ്യതയും സംബന്ധിച്ച കണക്കുകളും മത്സ്യമേഖല നേരിട്ടുകൊണ്ടിരിക്കുന്ന തകർച്ചയും സംബന്ധിച്ച് മനസ്സിലാക്കിയിട്ടുണ്ടോ, എങ്കിൽ കണ്ടെത്തലുകൾ വിശദമാക്കാമോ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>ആണവ മാലിന്യ സംഭരണി</u>

*9 ശ്രീ. പി. സി. ജോർജ്
,, റോഷി അഗസ്റ്റിൻ
,, എം. വി. ശ്രേയാംസ് കുമാർ
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

ഇടുക്കി-തേനി അതിർത്തിയിലെ നിർദ്ദിഷ്ട കണികാ പരീക്ഷണ നിലയത്തോടു ചേർന്ന് ആണവ മാലിന്യ നിക്ഷേപത്തിനുള്ള ഭൂഗർഭ സംഭരണി നിർമ്മിക്കാൻ നീക്കം നടക്കുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, ആയതിന്റെ നിജസ്ഥിതി അന്വേഷിച്ചുവോ; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>വർദ്ധിച്ചുവരുന്ന മദ്യാസക്തി</u>

*10 ശ്രീ. റ്റി. എ. അഹമ്മദ് കബീർ
,, അബ്ദുറഹിമാൻ രണ്ടത്താണി
,, പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വർദ്ധിച്ചുവരുന്ന മദ്യത്തിന്റെ ഉപയോഗം സമൂഹത്തിലും സാമ്പത്തികമേഖലയിലും ഉണ്ടാക്കുന്ന ആഘാതത്തെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ;

(ബി) വിദ്യാർത്ഥികളുൾപ്പെടെയുള്ള യുവജനങ്ങളിൽ മദ്യാസക്തി വർദ്ധിച്ചുവരുന്നത് ഗൗരവപൂർവ്വം പരിഗണിച്ചിട്ടുണ്ടോ;

(സി) മദ്യാസക്തി കുറയ്ക്കുന്നതിനുള്ള പരിഹാരമാർഗ്ഗങ്ങളെക്കുറിച്ച് അടിയന്തിരമായി ആലോചിക്കുമോ?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

## നീര ടോഡി ബോർഡ്

*11 ശ്രീ. സണ്ണി ജോസഫ്
,, കെ. മുരളീധരൻ
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നീര ടോഡി ബോർഡ് രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) എങ്കിൽ പ്രസ്തുത ബോർഡിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ബോർഡിന്റെ സാദ്ധ്യത, ഘടന എന്നിവയെക്കുറിച്ച് പഠനം നടത്താനുദ്ദേശിക്കുന്നുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത പഠനത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

# കേരള നിയമസഭ
## 09.06.2014–ലെ മറുപടിക്ക്

<u>ക്രമസമാധാന കുറ്റാന്വേഷണ വിഭാഗങ്ങൾ</u>

*12 ശ്രീ. തോമസ് ഉണ്ണിയാടൻ
,, റ്റി. യു. കുരുവിള
,, മോൻസ് ജോസഫ്
,, സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസിൽ ക്രമസമാധാനവും കുറ്റാന്വേഷണവും പ്രത്യേകവിഭാഗങ്ങളുടെ മേൽനോട്ടത്തിലാക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുക?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

<u>സർക്കാർ പ്രഖ്യാപിച്ചതും നടപ്പിലാക്കിയിട്ടില്ലാത്തതുമായ പദ്ധതികൾ</u>

*13 ശ്രീ. കെ. രാധാകൃഷ്ണൻ
,, എം.എ. ബേബി
,, വി. ചെന്താമരാക്ഷൻ
,, എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ, വിവിധ ഘട്ടങ്ങളിലായി പ്രഖ്യാപിച്ചതും നാളിതുവരെ നടപ്പിലാക്കിയിട്ടില്ലാത്തതുമായ എല്ലാ പദ്ധതികളും പരിപാടികളും സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനായി ഭരണതലത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി നടപ്പിലാക്കിയിട്ടില്ലാത്ത പദ്ധതികളും പരിപാടികളും പ്രഖ്യാപനങ്ങളും ഏതൊക്കെയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; അവ വകുപ്പടിസ്ഥാനത്തിൽ ശേഖരിക്കപ്പെട്ടിട്ടുണ്ടോ; നടപ്പിലാക്കപ്പെട്ടിട്ടില്ലാത്ത പദ്ധതികളുടെ പരസ്യം നൽകിയ ഇനത്തിൽ ചെലവായ തുക എത്രയായിരുന്നു;

(സി) ഇവ നടപ്പിലാക്കാനാവശ്യമായ പണം ഏതെല്ലാം നിലയിൽ സ്വരൂപിക്കാനുദ്ദേശിക്കുന്നു; ഇതിനായി പ്രത്യേകമായി എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്താനുദ്ദേശിക്കുന്നു ?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

<u>കടലിലെ മത്സ്യലഭ്യതാ കേന്ദ്രങ്ങള്‍</u>

*14 ശ്രീ. പി. തിലോത്തമന്‍
,, ഇ. ചന്ദ്രശേഖരന്‍
,, ജി. എസ്. ജയലാല്‍
,, കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും_വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കടലിലെ മത്സ്യലഭ്യതാ കേന്ദ്രങ്ങള്‍ നിര്‍ണ്ണയിക്കാന്‍ സെന്‍ട്രല്‍ മറൈന്‍ ഫിഷറീസ് റിസര്‍ച്ച് ഇന്‍സ്റ്റിറ്റ്യൂട്ട് പ്രത്യേകപഠനം ആരംഭിച്ചിട്ടുണ്ടോ;

(ബി) കടല്‍മത്സ്യങ്ങള്‍ അധിവാസകേന്ദ്രങ്ങള്‍ മാറ്റുന്നതു കാരണം മത്സ്യലഭ്യത കുറഞ്ഞുവരുന്നതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ, എങ്കില്‍ ഇപ്രകാരം അധിവാസകേന്ദ്രങ്ങള്‍ മാറ്റുന്നതിനുള്ള കാരണങ്ങള്‍ എന്തെല്ലാം;

(സി) മത്സ്യസമ്പത്ത് വര്‍ദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടെങ്കില്‍ വിശദമാക്കുമോ ?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

<u>കണ്ണൂർ വിമാനത്താവളം</u>

*15 ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി
,, സണ്ണി ജോസഫ്
,, ഐ.സി. ബാലകൃഷ്ണൻ
,, വി.റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ വിമാനത്താവളം യാഥാർത്ഥ്യമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് പാരിസ്ഥിതിക അനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുള്ള ടെണ്ടർ നടപടികളുടെ തൽസ്ഥിതി വ്യക്തമാക്കുമോ;

(ഡി) കണ്ണൂർ വിമാനത്താവളം എന്ന് മുതൽ പ്രവർത്തനമാരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ഇ) പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുവാൻ മിഷൻ 676-ൽ എന്തെല്ലാം കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട് ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

കെ.എസ്.ആർ.ടി.സി യെ സംരക്ഷിക്കാൻ നടപടി

*16 ശ്രീ. വി. ശിവൻകുട്ടി
,, എളമരം കരീം
,, പി. കെ. ഗുരുദാസൻ
,, കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളസംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുവാനോ പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുവാനോ ശ്രമിച്ചിട്ടുണ്ടോ;

(ബി) കോർപ്പറേഷൻ ഇപ്പോഴത്തെ നിലയിൽ തകർച്ചയിലാവാനുള്ള പ്രമുഖ കാരണങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) കോർപ്പറേഷനെ തകർച്ചയിൽ നിന്നും രക്ഷിക്കാനും ശക്തിപ്പെടുത്താനും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

(ഡി) പുതുതായി വാങ്ങുമെന്ന് പ്രഖ്യാപിച്ച ബസ്സുകൾ വാങ്ങിയിട്ടുണ്ടോ എന്നും കോർപ്പറേഷന്റെ കടഭാരം സംസ്ഥാന സർക്കാർ ഏറ്റെടുത്തിട്ടുണ്ടോയെന്നും അറിയിക്കുമോ;

(ഇ) യാത്രാസൗജന്യങ്ങളുടെയും മറ്റും പേരിൽ കെ.എസ്.ആർ.ടി.സി വഹിക്കുന്ന നഷ്ടം മടക്കി നൽകാൻ സർക്കാർ തയ്യാറാകുമോ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സിയിലെ പെൻഷൻ പുന:ക്രമീകരണം</u>

*17 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, കെ. ശിവദാസൻ നായർ
,, ഹൈബി ഈഡൻ
,, ഡൊമനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിൽ പെൻഷൻ പദ്ധതി പുന:ക്രമീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാം; വിവരിക്കാമോ;

(സി) ആരുടെയെല്ലാം സാമ്പത്തിക സാഹായത്തോടെയാണ് പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 09.06.2014–ലെ മറുപടിക്ക്

**ബാർ ലൈസൻസ് ക്രമക്കേടിനെതിരെ വിജിലൻസ് അന്വേഷണം**

*18 ശ്രീ. പുരുഷൻ കടലുണ്ടി
,, ജി. സുധാകരൻ
,, രാജു എബ്രഹാം
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബാർ ലൈസൻസുകൾ പുതുക്കി നൽകുന്നതുമായി ബന്ധപ്പെട്ട് നിലനില്ക്കുന്ന ദുരുഹതകളും ഉന്നയിക്കപ്പെട്ട അഴിമതി ആരോപണങ്ങളും സംബന്ധിച്ച് സമഗ്രമായ വിജിലൻസ് അന്വേഷണം നടത്തുന്നുണ്ടോ; ഇക്കാര്യത്തിൽ വിജിലൻസ് വകുപ്പ് നടത്തിയ പ്രാഥമിക അന്വേഷണ റിപ്പോർട്ട് വെളിപ്പെടുത്താമോ;

(ബി) ഗുണനിലവാരമില്ലാത്ത ബാറുകൾക്ക് ലൈസൻസ് നൽകിയതിലും നിലവാരമുളള ബാറുകൾക്ക് ലൈസൻസ് നൽകാതിരുന്നതിലും ബന്ധപ്പെട്ട അധികൃതർ അഴിമതിയും സ്വജനപക്ഷപാതവും കാണിച്ചിട്ടുളളതായി വിജിലൻസിന് അറിവ് ലഭിച്ചിട്ടുണ്ടോ;

(സി) ബാർ ലൈസൻസ് കേസിൽ വിധി പറയാനിരുന്ന ജഡ്ജിയെ സ്വാധീനിക്കാൻ ശ്രമിച്ചതായി ഉയർന്നുവന്ന ആക്ഷേപം ഉൾപ്പെടെ ബാർലൈസൻസുമായി ബന്ധപ്പെട്ട എല്ലാ ആക്ഷേപങ്ങളെ സംബന്ധിച്ചും സമഗ്രമായ വിജിലൻസ് അന്വേഷണം നടത്തുമോ?

# കേരള നിയമസഭ
## 09.06.2014–ലെ മറുപടിക്ക്

<u>വാഹന സുരക്ഷാ പരിശോധനാ സംവിധാനം</u>

*19 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
,, സി. മോയിന്‍കുട്ടി
'' കെ. എം. ഷാജി
'' എന്‍. ഷംസുദ്ദീന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കഴിഞ്ഞ പത്തുവര്‍ഷത്തിനിടയില്‍ മോട്ടോര്‍ വാഹനങ്ങളുടെ എണ്ണത്തിലുണ്ടായ വര്‍ദ്ധനവിന് ആനുപാതികമായി ഗതാഗതത്തിനുള്ള അടിസ്ഥാനസൗകര്യങ്ങളും, പരിശോധന / സുരക്ഷാ സംവിധാനങ്ങളും വര്‍ദ്ധിച്ചിട്ടുണ്ടോ എന്ന കാര്യം പരിശോധിക്കപ്പെട്ടിട്ടുണ്ടോ; എങ്കില്‍ വിശദവിവരം നല്‍കുമോ;

(ബി) ഇല്ലെങ്കില്‍ ഇപ്രകാരമുള്ള പരിശോധനയ്ക്ക് അടിയന്തിര നടപടികള്‍ സ്വീകരിക്കുമോ;

(സി) 2004–ലെയും, 2013–അവസാനത്തെയും വിവിധയിനം മോട്ടോര്‍ വാഹനങ്ങളുടെ കണക്ക് താരതമ്യപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>കസ്തൂരിരംഗൻ കമ്മിറ്റിയുടെ കരട് വിജ്ഞാപനത്തിന്റെ കാലാവധി</u>

*20 ശ്രീമതി ഗീതാ ഗോപി
ശ്രീ. ഇ. ചന്ദ്രശേഖരൻ
'' ചിറ്റയം ഗോപകുമാർ
'' ജി.എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കസ്തൂരി രംഗൻ കമ്മിറ്റിയുടെ കരട് വിജ്ഞാപനത്തിന്റെ കാലാവധി അവസാനിച്ചതെന്നാണ് ; ഈ കരട് വിജ്ഞാപനവുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിന് എത്ര ദിവസത്തെ കാലാവധിയാണ് ഉണ്ടായിരുന്നത് ;

(ബി) കരട് വിജ്ഞാപനത്തിന്മേലുള്ള പരാതികൾ നല്കാൻ കാലാവധി നീട്ടണമെന്ന് സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എത്ര കാലാവധിയാണ് കൂടുതൽ ആവശ്യപ്പെട്ടതെന്ന് വെളിപ്പെടുത്തുമോ ;

(സി) കരട് വിജ്ഞാപനത്തിന്റെ കാലാവധി നീട്ടുന്നതിന് ആവശ്യപ്പെടാനുണ്ടായ കാരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

## കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>നഗരവനവത്കരണ പദ്ധതി</u>

*21 ശ്രീ. കെ. അച്ചുതൻ
,, ഐ. സി. ബാലകൃഷ്ണൻ
,, ആർ. സെൽവരാജ്
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗര വനവത്കരണപദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പദ്ധതി നടപ്പിലാക്കാനായുള്ള സ്ഥലം എപ്രകാരം കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) എല്ലാ ജില്ലകളിലും പദ്ധതി വ്യാപിപ്പിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>ഭരണ നവീകരണ പരിപാടി</u>

*22 ഡോ. കെ. ടി. ജലീല്‍
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. എം. ഹംസ
'' കെ. വി. അബ്ദുള്‍ ഖാദര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാരിന്റെ സാമ്പത്തിക പരിഷ്കാരങ്ങളുടെ ഭാഗമായി സിവില്‍ സര്‍വ്വീസിനെ സ്വകാര്യവല്‍ക്കരിക്കാന്‍ ഇതിനകം സ്വീകരിച്ച നടപടികള്‍ എന്തൊക്കെയാണ്; പുതുതായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികളും വിശദമാക്കുമോ;

(ബി) ഭരണ നവീകരണ പരിപാടിയ്ക്കു (എം.ജി.പി) വേണ്ടി എന്ത് തുക ചെലവഴിച്ചു; ഓഡിറ്റ് ചെയ്ത കണക്കുകള്‍ ലഭ്യമാണോ;

(സി) സാമ്പത്തിക ബുദ്ധിമുട്ടുകള്‍ക്കുള്ള പരിഹാരമായി ഭരണ നവീകരണ പരിപാടി പുതിയ രീതിയില്‍ നടപ്പാക്കാനാണോ ഉദ്ദേശിക്കുന്നത്; ഇതിന്റെ ഭാഗമായി പൊതു ചെലവുകള്‍ കുറയ്ക്കാനുള്ള മാര്‍ഗ്ഗങ്ങള്‍ നിര്‍ദ്ദേശിക്കാന്‍ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള കമ്മിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ടോ?

**കേരള നിയമസഭ**
**09.06.2014–ലെ മറുപടിക്ക്**

<u>സർക്കാർ ജോലികൾക്ക് മലയാള ഭാഷാപരിജ്ഞാനം നിർബന്ധിതമാക്കാൻ നടപടി</u>

*23 ശ്രീ. എ. റ്റി. ജോർജ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, ഹൈബി ഈഡൻ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജോലി തേടുന്ന ഉദ്യോഗാർത്ഥികൾക്ക് മലയാള ഭാഷാ പരിജ്ഞാനം നിർബന്ധിതമാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) മലയാള ഭാഷയിൽ പരിജ്ഞാനം ഇല്ലാത്ത ഉദ്യോഗാർത്ഥികൾക്ക് ഭാഷാപരിജ്ഞാനം ലഭിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം വിഭാഗക്കാർക്കാണ് പ്രസ്തുത വ്യവസ്ഥകളിൽ ഇളവ് വരുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) ബന്ധപ്പെട്ട സർവ്വീസ് ചട്ടങ്ങളിൽ ഇതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

## കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>ജലഗതാഗത വകുപ്പിന്റെ പ്രവർത്തനം</u>

*24 ഡോ. എൻ.ജയരാജ്
ശ്രീ. എം.വി.ശ്രേയാംസ് കുമാർ
,, റോഷി അഗസ്റ്റിൻ
,, പി.സി.ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലഗതാഗത വകുപ്പിന്റെ പ്രവർത്തനം നവീകരിക്കാൻ പദ്ധതിയുണ്ടോ;

(ബി) നവീകരണവുമായി ബന്ധപ്പെട്ട് നിലവിൽ തയ്യാറാക്കിയിട്ടുളള പദ്ധതിയുടെ വിശദാംശങ്ങൾ നല്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന് ആവശ്യമായ തുക എപ്രകാരം സമാഹരിയ്ക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നല്കാമോ?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

<u>സാം പിത്രോഡയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് പ്രഖ്യാപിച്ച പദ്ധതികൾ</u>

*25 ഡോ. ടി.എം. തോമസ് ഐസക്
ശ്രീ. എ.കെ. ബാലൻ
,, എ. പ്രദീപ്കുമാർ
,, സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഇന്നൊവേഷൻ കൗൺസിൽ അദ്ധ്യക്ഷൻ സാം പിത്രോഡയുടെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് സർക്കാർ പ്രഖ്യാപിച്ച പത്ത് പദ്ധതികൾ ഏതൊക്കെയായിരുന്നു;

(ബി) ഈ പദ്ധതികൾക്ക് പിന്നീട് എന്തു സംഭവിച്ചു എന്ന് സർക്കാർ അവലോകനം നടത്തിയിട്ടുണ്ടോ; ഈ പദ്ധതികൾക്കായി പ്രഖ്യാപിക്കപ്പെട്ട ഉപസമിതികൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ;

(സി) ഇതിൽ ഏതെങ്കിലും പദ്ധതികൾ പ്രായോഗികമായിട്ടുണ്ടോ; പദ്ധതികൾക്കോരോന്നിനുമായി എന്തു തുക വീതം ഇതിനകം ഖജനാവിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്; പദ്ധതികൾ പരസ്യം ചെയ്ത ഇനത്തിൽ ഇതിനകം ചെലവായ മൊത്തം തുക എത്രയാണെന്നതിന്റെ കണക്കുകൾ ലഭ്യമാണോ; എങ്കിൽ വിശദമാക്കാമോ ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

ജസ്റ്റിസ് എം. രാമചന്ദ്രൻ കമ്മീഷൻ റിപ്പോർട്ട്

*26 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ
,, പി.കെ. ഗുരുദാസൻ
,, സി. കെ. സദാശിവൻ
,, കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മദ്യനയം രൂപീകരിക്കുന്നതിന് നിയോഗിക്കപ്പെട്ട ജസ്റ്റിസ് എം. രാമചന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് അംഗീകരിച്ചിട്ടുണ്ടോ ഓരോ നിർദ്ദേശങ്ങളിന്മേലും കൈക്കൊണ്ടിട്ടുള്ളതോ, കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതോ ആയ നിലപാട് വിശദമാക്കാമോ;

(ബി) കമ്മീഷൻ റിപ്പോർട്ടിന്റെയും അതിൻമേൽ നികുതി സെക്രട്ടറി നൽകിയ ശുപാർശകളുടെയും പകർപ്പ് ലഭ്യമാക്കുമോ;

(സി) നികുതി വകുപ്പ് സെക്രട്ടറി, രാമചന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിലെ ഏതെങ്കിലും ശുപാർശകളോട് വിയോജിക്കുകയുണ്ടായിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

<u>പൊതുമുതൽ നശീകരണത്തിനെതിരായുള്ള നിയമം</u>

*27 ശ്രീ. സി. മമ്മൂട്ടി
,, എൻ. എ. നെല്ലിക്കുന്ന്
,, വി. എം. ഉമ്മർ മാസ്റ്റർ
,, പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമുതൽ നശീകരണത്തിനെതിരെയുള്ള നിയമം നിലവിൽ വന്നശേഷം ഉണ്ടായിട്ടുള്ള മാറ്റം വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത നിയമം കാര്യക്ഷമമായി നടപ്പിൽ വരുത്തുന്ന കാര്യത്തിൽ ഹൈക്കോടതിയുടെ ഇടപെടൽ ഉണ്ടായിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിവരം വ്യക്തമാക്കുമോ;

(സി) സമരങ്ങളുമായി ബന്ധപ്പെട്ടുണ്ടാകുന്ന പൊതുമുതൽ നശീകരണം അല്ലാതെയുള്ള പൊതുമുതൽ നശീകരണത്തിനെതിരെ പ്രസ്തുത നിയമപ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച് വിശദമാക്കുമോ?

# കേരള നിയമസഭ
## 09.06.2014–ലെ മറുപടിക്ക്

<u>ജനമൈത്രി പോലീസ്</u>

*28 ശ്രീ. ആർ. സെൽവരാജ്
,, എം. എ. വാഹിദ്
,, അൻവർ സാദത്ത്
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനമൈത്രി പോലീസ് പദ്ധതി സംബന്ധിച്ച് പരാതികൾ പരിഹരിച്ച് കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി സംബന്ധിച്ച് പഠനം നടത്തുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ളത് ആരെയാണ്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) പഠന റിപ്പോർട്ട് പ്രസിദ്ധികരിച്ചിട്ടുണ്ടോ;വിശദമാക്കുമോ;

(ഡി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകളിൻമേൽ എന്തെല്ലാം തുടർ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

<u>കസ്തൂരിരംഗന്‍ കമ്മിറ്റിയുടെ കരട് വിജ്ഞാപനം</u>

*29 ശ്രീ. എം. ചന്ദ്രന്‍
'' കെ.കെ. ജയചന്ദ്രന്‍
'' എസ്. രാജേന്ദ്രന്‍
'' പി.റ്റി.എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കസ്തൂരിരംഗന്‍ കമ്മിറ്റിയുടെ കരട് വിജ്ഞാപനത്തിന്റെ കാലാവധി കഴിഞ്ഞിട്ടുണ്ടോ ; വിജ്ഞാപനം പുറപ്പെടുവിച്ചത് എന്നായിരുന്നു ;

(ബി) കരട് വിജ്ഞാപനത്തിന്റെ കാലാവധിക്കുള്ളില്‍ ഇത് സംബന്ധിച്ചുള്ള പരാതികള്‍ പരിഹരിക്കപ്പെട്ടിട്ടുണ്ടോ ; ഇല്ലെങ്കില്‍ കാരണം വെളിപ്പെടുത്തുമോ ;

(സി) കരട് വിജ്ഞാപനത്തിന്മേലുള്ള പരാതികള്‍ നല്‍കാന്‍ രണ്ടു മാസം കൂടി അനുവദിക്കണമെന്ന ആവശ്യം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം അനുവദിക്കുകയുണ്ടായോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>മുന്നോക്ക സമുദായ കമ്മീഷൻ രൂപീകരണം</u>

*30 ശ്രീ. കെ. ശിവദാസൻ നായർ
,, കെ. മുരളീധരൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുന്നോക്ക സമുദായ കമ്മീഷൻ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത കമ്മീഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) മുന്നോക്ക സമുദായങ്ങളുടെ ക്ഷേമത്തിനായി എന്തെല്ലാം കാര്യങ്ങളാണ് കമ്മീഷന്റെ പ്രവർത്തന പരിധിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(ഡി) ആയതിനുവേണ്ടിയുള്ള നിയമനിർമ്മാണപ്രക്രിയ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2014 മേയ് 31.

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ എത്തിച്ചിരിക്കേണ്ടതാണ്. [ചട്ടം 47(1)]